
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org


# Maranamenna Vathilinappuram (Articles)
# മരണമെന്ന വാതിലിനപ്പുറം




| | |
|---|---|
| Call Number | RR-1397 |
| Title | Maranamenna Vathilinappuram (Articles)<br>മരണമെന്ന വാതിലിനപ്പുറം |
| Topic | Maranamenna Vathilinappuram (Articles) |
| Author | Nithya Chaithanya Yathi |
| Selected by | Shoukath |
| Publisher/Year | Green Books Private limited /2002 |
| Reprinted | 2013 |
| ISBN | 81-88582-07-7 |
| Printed at | Repro India ltd |
| Total Pages | 207 |
| Language | Malayalam |
| Copyright | Swami Muninarayana Prasad |
| Contributor | |
| Key Words | #MaranamennaVathilinappuram #NithyaChaithanyaYathi # Shoukath # ReproIndialtd # GreenBooksPrivatelimited |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഗ്രീൻ ബുക്സ്

## മരണമെന്ന വാതിലിനപ്പുറം

നിത്യചൈതന്യയതി

1924 നവംബർ 2ന് പത്തനംതിട്ട താലൂക്കിലെ മുറിഞ്ഞകല്ലിൽ ജനനം. ആത്മീയാചാര്യൻ, എഴുത്തുകാരൻ. 1952ൽ നടരാജഗുരുവിന്റെ ശിഷ്യനായി. 1984 മുതൽ 1999ൽ സമാധിയാകുന്നതുവരെ ഊട്ടിയിലെ ഫേൺഹിൽ ഗുരുകുലത്തിൽ നാരായണഗുരുകുലത്തിന്റെയും ഈസ്റ്റ്-വെസ്റ്റ് യൂണിവേഴ്സിറ്റിയുടെയും അധിപനായിരുന്നു. നളിനി എന്ന കാവ്യശില്പത്തിന് 1977ലെ കേരളസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു. ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച യതിയുടെ ഇതര കൃതികൾ: *നെരൂദയുടെ ഓർമ്മക്കുറിപ്പുകൾ*, *സ്നേഹസംവാദം*.

ബുക്ക് സ്റ്റാൾ
കോതമംഗലം
☎ 0435 - 2822542
DC Books, Current Books, V Publications
Labour India, S. Master

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# മരണമെന്ന വാതിലിനപ്പുറം

നിത്യചൈതന്യയതി

ലേഖനങ്ങൾ തെരഞ്ഞെടുത്തത്
ഷൗക്കത്ത്

ഗ്രീൻ ബുക്സ്

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

green books private limited
little road, ayyanthole, thrissur- 680 003
ph: 0487-2361038
website: www.greenbooksindia.com
e-mail: info@greenbooksindia.com

**maranamenna vathilinappuram**
(articles)
by
nithya chaithanya yathi

selected by
shoukath

first published december 2002
reprinted october 2013
copyright © swami muninarayana prasad

cover design : rajesh chalode

printed in india
repro india ltd

branches:
thrissur 0487-2422515
palakkad 0491-2546162
kannur 0497-2763038

isbn : 81-88582-07-7

no part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher
₹ 180.00

GBPL/005/2002/X005

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## മുഖക്കുറി

അനേകം ജ്ഞാനവീഥികളുടെ സംഗമമായിരുന്നു നിത്യചൈതന്യയതി. ജീവിതത്തെ സൗന്ദര്യശാസ്ത്രപരമായി സമീപിക്കുന്ന യതിയുടെ ലേഖനങ്ങൾ ഉൾക്കാഴ്ചയും കരുത്താർന്നവയുമാണ്. ജീവിതം ഒന്നിന്റെയും തിരസ്കാരമല്ലെന്നും പ്രായോഗിക വേദാന്തത്തിലൂടെ അദ്ദേഹം കാണിച്ചുതന്നു. കാവ്യാത്മക സൗന്ദര്യവും ദാർശനിക പ്രൗഢിയും പുലർത്തുന്ന യതിയുടെ ലേഖനങ്ങളുടെ സമാഹാരമാണ് മരണമെന്ന വാതിലിനപ്പുറം.

മരണത്തെക്കുറിച്ച് യതി നടത്തുന്ന അന്വേഷണങ്ങളും ആന്തരികജീവിതത്തിന്റെ നിഗൂഢതകളിലേക്ക് ആഴ്ന്നിറങ്ങുന്ന സൂക്ഷ്മനിരീക്ഷണങ്ങളും യതിയുടെ ഈ ലേഖനത്തിന്റെ പ്രധാന ഭാഗമാണ്. കലയും സാഹിത്യവും വേദാന്തവും ശാസ്ത്രവും അടങ്ങുന്ന യതിയുടെ സംവാദമണ്ഡലം മനുഷ്യമനീഷയുടെ ബൃഹത്തായ സാധ്യതകളെ കാണിച്ചുതരുന്നു. ജീവിതത്തിന് മാത്രമല്ല മരണത്തിനും ദർശനമുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന യതിയുടെ ചിന്താദീപ്തി ആകർഷണീയമാണ്. കാലം, സംഗീതം, സിദ്ധി, മതം, രാഷ്ട്രീയം എന്നിങ്ങനെ വിഭിന്നമായ എത്രയെത്ര വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ജീവിതത്തെ അതിന്റെ ആഴത്തിലേക്കു സമന്വയിപ്പിക്കുന്ന  നിർവചനാതീതമായ ഭാവതലമാണ് ഈ പുസ്തകത്തെ മികച്ചതാക്കുന്നത്.

കൃഷ്ണദാസ്
*മാനേജിങ് എഡിറ്റർ*

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## ഉള്ളടക്കം


മരണത്തെ അഭിമുഖീകരിക്കുമ്പോൾ 09

മരണമെന്ന വാതിലിനപ്പുറം 27

ശുദ്ധമായ പരമാത്മഭാവം 58

ആത്മാവിൽ കേന്ദ്രീകൃതനായിരിക്കുക 60

കാലത്തിന്റെ നിഗൂഢത 63

നിരാസവും ഉത്തരവാദിത്തവും 68

ജീവിത സായാഹ്നം 71

സിദ്ധിയും ജാലവിദ്യയും 76

ദൈവം എന്നാൽ 83

സാഹിത്യവും കലയും 84

അബ്രഹാം എന്ന കടങ്കഥ 89

വിദ്യാരംഭം 94

വേദാന്തത്തിലെ സ്വാത്മനിശ്ചയം 99

മതം രാഷ്ട്രീയം മതരാഷ്ട്രീയം 107

പള്ളുരുത്തി സുഭാഷ്ചന്ദ്രൻ 115

മാർഗ്ഗനിർദ്ദേശം 130

വർഗ്ഗീയത 137

സത്യമേവ ജയതേ നാ അനൃതം 146

ജീവശക്തി 152

ആത്മാവും പ്രകൃതിവികൃതികളും 156

ജീവിതത്തിലെ മനുഷ്യൻ 162

മൂല്യാധിഷ്ഠിത ജീവിതം ഭാരതീയ വീക്ഷണത്തിൽ 177

എനിക്കു മറക്കാനാവാത്ത മൂന്ന് ടാക്സി ഡ്രൈവർമാർ 192

ഗ്രന്ഥസൂചിക 203



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ഒന്ന്

# മരണത്തെ അഭിമുഖീകരിക്കുമ്പോൾ

മരണം എന്ന വാക്കിനെക്കാൾ ഭയാനകവും അസ്വാസ്ഥ്യജനകവും രഹസ്യാത്മകവും നടുക്കം നിറഞ്ഞതുമായി മറ്റൊന്നില്ല. സുനിശ്ചിതവും ആത്യന്തികവുമായ എന്തോ ഇതിലുണ്ട്. എന്നിട്ടും ധാരാളം ആളുകൾക്ക് മരണം ഒരു സാന്ത്വനമാണ്; തങ്ങളുടെ എല്ലാ വിഷമതകളുടെയും അവസാനത്തിന്റെ വാഗ്ദാനം.

മരണം, അതിനെ ഭയപ്പെടുന്നവർക്കും തേടുന്നവർക്കും ഒരുപോലെ സംഭവിക്കുന്നു. മരണത്തെക്കാൾ സുനിശ്ചിതമായി ഈ ലോകത്ത് മറ്റൊന്നില്ലെങ്കിലും അതേക്കുറിച്ച് ആലോചിക്കാൻ കൂടുതൽ പേരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് എല്ലായ്പ്പോഴും അതിനെ തള്ളിക്കളയുന്നു. മരണത്തെക്കുറിച്ച് ചിന്തിക്കുന്നത് ഭയജനകമാണ്.

അതേസമയം, മരണത്തെ (ഭാരതത്തിൽ) സമാധി എന്ന് വിശേഷിപ്പിക്കുന്നു. യോഗിമാരെ സംബന്ധിച്ച് ഇത് ആത്യന്തിക വിലയനമാണ്. ഒരു യോഗി മഹാസമാധിയിൽ (പരമമായ ഉൾക്കൊള്ളലോ വിലയനമോ) നശ്വരതയുടെ വലയത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. അവിടംതൊട്ട് അദ്ദേഹം അനശ്വരതയിലാണ് ജീവിക്കുന്നത്.

അങ്ങനെ, മരണം അനശ്വരതയിലേക്കും അനന്തതയിലേക്കുമുള്ള പ്രവേശനകവാടമായും കണക്കാക്കപ്പെടുന്നു. മരണത്തെ സംബന്ധിച്ച് വിരോധാഭാസമായി എന്തോ ഉണ്ട്. അത് ഒരേ സമയം അങ്ങേയറ്റം അഭിലഷണീയവും ഭീതിപൂർണ്ണവുമായ അനുഭവമാണ്.

മരണത്തക്കുറിച്ചുള്ള ഭയം, അതേക്കുറിച്ചും മരണശേഷം എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ചുമുള്ള അജ്ഞതയിൽനിന്നാണ് ഉണ്ടാകുന്നത്. മരണം എന്നത് ഒരു വലിയ ചോദ്യമാണ്. സോക്രട്ടീസ്, ഈ വിഷയം സംബന്ധിച്ച് വളരെ വിശദമായ പഠനം നടത്തിയിട്ടുണ്ട്.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## രണ്ട്

# മരണം എന്ന വാതിലിനപ്പുറം

മരണാനന്തരം ജീവൻ ഏതെങ്കിലും തരത്തിൽ തുടരുന്നുണ്ടോ? തുടരുന്നുവെങ്കിൽ അതിന്റെ ഉണ്മയെ സാദ്ധ്യമാക്കുന്ന മാദ്ധ്യമം ഏത്? മരണാനന്തരം ഒരു പരേതാത്മാവ് നിലനിൽക്കുന്നുവെങ്കിൽ അതിന്റെ തുടർന്നുള്ള അസ്തിത്വത്തിന് ഇടം നൽകുന്ന ലോകമേത്? പരേതാത്മാവ് എന്നൊന്നുണ്ടെങ്കിൽ ഇതിന് ശരീരം ഉണ്ടോ? ശരീരമുണ്ടെങ്കിൽ അതിന്റെ സ്വരൂപം എപ്രകാരമുള്ളതാണ്? സ്ഥൂലമോ സൂക്ഷ്മമോ, കാരണാത്മകമോ അതോ ലിംഗമാത്രമായിട്ടുള്ളതോ? മരണസമയത്ത് അതുവരെ ജീവിച്ചിരുന്ന സ്ഥൂല ശരീരം വെടിഞ്ഞതിന് ശേഷം പരേതാത്മാവ് സൂക്ഷ്മ രൂപത്തിലോ, കാരണ രൂപത്തിലോ, ലിംഗരൂപത്തിലോ, ഇരുന്നതിനു ശേഷം അതു വീണ്ടും കാലദേശ പരിച്ഛേദമുള്ള ഒരു ലോകത്തിൽ സ്ഥൂല ശരീരം സ്വീകരിച്ച് പുതിയ നാമരൂപ സവിശേഷതകളുള്ള പുതിയ ജീവനായി ആവിർഭവിക്കുമോ? അതോ പ്രേതലോകത്തിൽ സൂക്ഷ്മശരീരം കൈക്കൊണ്ട് എന്നും പരേതാത്മാവായി കഴിഞ്ഞുകൂടുമോ? പ്രേതലോകത്ത് സൂക്ഷ്മശരീരം സ്വീകരിച്ച് ഒരു പരേതാത്മാവ് തുടരുന്നുണ്ടെങ്കിൽ സ്ഥൂല പ്രപഞ്ചത്തിൽ കരണേന്ദ്രിയ കളേബരങ്ങളോട് ഉണർന്നിരുന്നു വ്യവഹരിക്കുന്ന ഒരാൾക്ക് സൂക്ഷ്മശരീരിയോട് സ്ഥൂലപ്രപഞ്ചത്തിന്റെ ഉപാധികൾ ഉപയോഗപ്രദമാക്കി സംബന്ധപ്പെടുവാൻ കഴിയുമോ?

മലയാള മനോരമ സൺഡേ സപ്ലിമെന്റിൽ മാർച്ച് ആറു മുതൽ പ്രസിദ്ധം ചെയ്ത ജ: വി. ആർ. കൃഷ്ണയ്യരുടെ " മരണം ഒരു വാതിൽ" എന്ന ലേഖന പരമ്പരയ്ക്ക് അനുബന്ധമായിട്ടാണ് ഇതെഴുതുന്നത്. ഖണ്ഡനാത്മകമായ വിമർശനമായിട്ടല്ല നിരൂപണാത്മകമായ ഒരു അനുബന്ധമായിട്ടാണ്.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ആറ്

# നിരാസവും ഉത്തരവാദിത്തവും

ഭഗവദ്ഗീതയിൽ സാമൂഹിക മനുഷ്യന്റെ പ്രതിനിധിയായിരിക്കുന്ന അർജ്ജുനൻ വിരുദ്ധ ചിന്താഗതികൾക്ക് വിധേയനായി നിരുത്തരവാദ പരമായ ഒരു നിലപാടിലേക്കു നീങ്ങുന്നതു കണ്ടപ്പോൾ അർജ്ജുനന്റെ ഗുരുവും ദൈവവുമായ ശ്രീകൃഷ്ണ ഭഗവാൻ ഉപദേശിച്ചത്, അവൻ സ്വയം ഏറ്റെടുത്തതും സഹജമായും സ്വധർമ്മമായി പരിപാലിക്കപ്പെടേണ്ടതുമായ ധർമ്മങ്ങളിൽനിന്നും ഓടിയൊളിക്കാതെ പരിപൂർണ്ണ ശ്രദ്ധാവാനായി സ്വസ്ഥാനത്ത് ഉറച്ചു നിൽക്കാനാണ്.

ഗീതയുടെ അവസാനമാകുമ്പോൾ ഭഗവാൻ അർജ്ജുനനോട് ആവശ്യപ്പെടുന്നത് 'മന്മനാ ഭവ' എന്നാണ് - നിന്റെ മനസ്സിന്റെ സ്ഥാനത്ത് എന്റെ മനസ്സോടുകൂടിയവനാകൂ എന്ന്. മനസ്സുള്ളവനായി മാറാനും സകലതും ഭഗവാനിലർപ്പിച്ച് അവന്റെ ഭക്തിയുടെ അടയാളമായി സ്വജീവിതത്തെ നിരുപാധികമായി ത്യജിക്കാനുമാണ് പറയുന്നത്. അവസാനമായി, പതിനൊന്നാമദ്ധ്യായത്തിൽ കൃഷ്ണൻ അർജ്ജുനനെ എല്ലാ ബാദ്ധ്യതകളിൽനിന്നും സ്വതന്ത്രനാക്കിക്കൊണ്ട് പറയുന്നത്, തന്റെ ഉപദേശങ്ങൾ ശ്രവിക്കുകയും അവയുടെ സോദ്ദേശ്യതയെ സശ്രദ്ധം പര്യാലോചിക്കുകയും ചെയ്തുകഴിഞ്ഞ സ്ഥിതിക്ക് ഇനി അർജ്ജുനന് ഉചിതമായത് സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട് എന്നാണ്. അവന് യുക്തമായി തോന്നുന്നതെന്തോ അത് ചെയ്യുവാൻ ഭഗവാൻ അവനെ പ്രേരിപ്പിക്കുന്നു. ഉപദേശങ്ങളെല്ലാം നൽകിയശേഷം, ഭഗവാൻ ആവശ്യപ്പെടുന്നത്, അന്തിമമായ രക്ഷയ്ക്കായി എല്ലാ ധർമ്മങ്ങളെയും പരിത്യജിച്ചിട്ട് ഭഗവാനിൽ അഭയം പ്രാപിക്കുവാനാണ്.

ക്രിസ്തീയ ദർശനങ്ങളിലും പൂർണ സമർപ്പണത്തെക്കുറിച്ചു പറയുന്നുണ്ട്. ഭാരതീയർ ഇതിനെ വിളിക്കുന്നത് 'ശരണാഗതി' എന്നാണ്. എന്നാൽ, കൃഷ്ണൻ 'സർവ ധർമ്മാൻ പരിത്യജ്യ' എന്ന് പറയുമ്പോൾ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org